**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 402** **10-08-2021 - ൽ മറുപടിയ്ക്ക്**

**കാർഷിക മേഖലയിൽ ഭക്ഷ്യേതര വിളകളിലേക്കുള്ള മാറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. മാണി. സി. കാപ്പൻ | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കാർഷിക മേഖലയിലെ ഭൂവിനിയോഗ രീതിയിൽ വന്ന മാറ്റങ്ങൾ സംബന്ധിച്ച് സർക്കാർ, സർക്കാരിതര ഏജൻസികൾ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. കേരള കാർഷിക സർവ്വകലാശാല, കേരള ആസൂത്രണ ബോർഡ് തുടങ്ങിയ സ്ഥാപനങ്ങൾ പഠനങ്ങൾ നടത്തിയിട്ടുണ്ട്. മേൽ സ്ഥാപനങ്ങളുടെ പഠന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ അഞ്ച് കാർഷിക പാരിസ്ഥിതിക മേഖലകൾ അഗ്രോ ഇക്കോളജിക്കൽ സോൺ അഥവാ (AEZ) ആയും 23 അഗ്രോ ഇക്കോളജിക്കൽ യൂണിറ്റുകൾ (AEU) ആയും വിഭജിച്ചിട്ടുണ്ട്. കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡിന്റെ നേതൃത്വത്തിൽ സംസ്ഥാനത്തെ ഭൂവിനിയോഗം സംബന്ധിച്ച് ഉപഗ്രഹ ചിത്രങ്ങളുടെയും ഫീൽഡ് സന്ദർശനത്തിന്റേയും അടിസ്ഥാനത്തിൽ ഭൂപടങ്ങളും, റിപ്പോർട്ടുകളും തയ്യാറാക്കി വരുന്നു. കേരളാ സംസ്ഥാന ഭൂവിനിയോഗ ബോർഡ് സംസ്ഥാനത്തെ ഭൂവിനിയോഗം സംബന്ധിച്ച് കാലകാലങ്ങളിൽ പഠനം നടത്തുകയും റിപ്പോർട്ട് പ്രസിദ്ധീകരിക്കുകയും ചെയ്തു വരുന്നു. കേരളത്തിലെ ഭൂവിനിയോഗം സംബന്ധിച്ച വിവരങ്ങൾ www.kslublris.com എന്ന വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്. |
| (ബി) | ഭക്ഷ്യ വിളകളിൽ നിന്നും ഭക്ഷ്യേതര വിളകളിലേക്കുള്ള മാറ്റം കാർഷിക മേഖലയിൽ എപ്രകാരം സ്വാധീനം ചെലുത്തിയെന്നത് പഠന വിധേയമാക്കിയിട്ടുണ്ടോ; എങ്കിൽ കണ്ടെത്തലുകൾ വിശദമാക്കാമോ? | (ബി) | പഠനവിധേയമാക്കുന്നതാണ്. എന്നാൽ കേരളത്തിലെ ഭക്ഷ്യവിളകളുടേയും ഭക്ഷ്യേതര വിളകളുടേയും വിസ്തൃതി പഠന വിധേയമാക്കിയിട്ടുണ്ട്. 2019-20 ലെ മൊത്തം കൃഷി വിസ്തൃതിയുടെ 9.88 ശതമാനം, ഭക്ഷ്യ വിളകളായ നെല്ല്, കപ്പ, മധുരക്കിഴങ്ങ്, ചെറുധാന്യങ്ങൾ, പയർ വർഗങ്ങൾ എന്നിവയും, 61.6 ശതമാനം നാണ്യ വിളകളായ കശുവണ്ടി, റബ്ബർ കുരുമുളക്, നാളികേരം, തേയില, കാപ്പി എന്നിവയുമാണ്. മൊത്തം കൃഷി വിസ്തൃതിയിൽ 27.5 ശതമാനം റബർ, കാപ്പി, തേയില, ഏലം എന്നീ വിളകളാണ്. വിളകളിൽ ഏറ്റവും കൂടുതൽ കൃഷി |

| | | | |
|---|---|---|---|
| | | | വിസ്തൃതി തെങ്ങിനും (29.3 ശതമാനം), തുടർന്ന് റബ്ബറിനുമാണ് (21.28 ശതമാനം). കൃഷി വിസ്തൃതിയുടെ 7.37 ശതമാനം രേഖപ്പെടുത്തി നെൽകൃഷി മൂന്നാം സ്ഥാനത്താണ്. ഭക്ഷ്യ വിളകളുടെ വിസ്തൃതി കുറയുന്നത് തടയുന്നതിനും ഭക്ഷ്യ സുരക്ഷ ഉറപ്പ് വരുത്തുന്നതിനുമായി കൃഷിവകുപ്പ് വിവിധ പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കുന്നുണ്ട്. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഭക്ഷ്യ ഉത്പാദനം വർധിപ്പിക്കുന്നതിനായി സുഭിക്ഷകേരളം പദ്ധതിയിൽ ഉൾപ്പെടുത്തി സർക്കാർ തരിശുനില കൃഷി പ്രോത്സാഹിപ്പിച്ചു. നെല്ല്, പച്ചക്കറി, വാഴ, പയർ വർഗ്ഗങ്ങൾ, കിഴങ്ങുവർഗ്ഗ വിളകൾ, ചെറുധാന്യങ്ങൾ എന്നിവയുടെ ഉത്പാദന വർദ്ധനവിന് ഊന്നൽ നൽകുന്നുണ്ട്. കൂടാതെ തരിശുനില കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കേരള കാർഷിക സർവ്വകലാശാലയുടെ നേതൃത്വത്തിൽ കേരള സംസ്ഥാന കാർഷിക യന്ത്രവൽക്കരണ മിഷൻ പ്രവർത്തിച്ചു വരുന്നുണ്ട്. നെൽ കൃഷി മേഖലയിലെ വിസ്തൃതി നിലനിർത്തുന്നതിനായി നിലം ഉടമകൾക്ക് ഹെക്ടറിന് 2,000 രൂപ പ്രകാരം റോയൽറ്റി നൽകുന്ന പദ്ധതിയും ആവിഷ്കരിച്ചു നടപ്പാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ